പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1154

02-05-2017-ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക കടാശ്വാസ കമ്മീഷൻ നൽകി വരുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വിശദമാക്കാമോ;<br><br>**(ബി)** പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | **(എ) & (ബി)** | കാർഷിക മേഖലയിൽ ഉണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-01-2007-നു മുമ്പായി സഹകരണ സംഘം/മറ്റ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി 50,000/- രൂപ വരെയുള്ള കടങ്ങൾക്ക് 75% വരെയും 50,000/-ന് മുകളിൽ തുകയുടെ 50% വരെയും (പരമാവധി 1 ലക്ഷം രൂപ വരെ) കടാശ്വാസം നൽകി വരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ച് വരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാദ്ധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു. കർഷകന്റെ വിഹിതം അടച്ചുകഴിഞ്ഞാൽ പണയാധാരം ഉടൻ തന്നെ കർഷകന് തിരികെ നൽകാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകി വരുന്നു. 4 ഹെക്ടറിൽ കവിയാത്ത ഭൂമി കൈവശമുള്ളവർക്കും 2 ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനം ഉള്ളവർക്കുമാണ് കടാശ്വാസത്തിന് അർഹതയുള്ളത്. |

**സെക്ഷൻ ഓഫീസർ**